## മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ:

(1) ലിസ്റ്റ് (1) പ്രകാരമുള്ള കടലാസ്സുകൾ

ധനകാര്യ വകുപ്പുമന്ത്രിക്ക് വേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2012 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ധന കാര്യവകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) ചട്ടം 47(2) പ്രകാരമുള്ള കടലാസ്സുകൾ

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2096, അഞ്ചാം സമ്മേളനത്തിലെ 5742, ആറാം സമ്മേളനത്തിലെ 1135, 2894, 2919, ഏഴാം സമ്മേളനത്തിലെ 1127 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യ ങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതി നുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 5807, 5817, 7223, ആറാം സമ്മേളനത്തിലെ 2977, ഏഴാം സമ്മേളനത്തിലെ 1282, 3033, 3034, 3041, 3061, 3065, എട്ടാം സമ്മേളനത്തിലെ 1175, 2794, 2803, 2807, 2809, 2834, 2854, 2858 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതി

രുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 2955-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം:

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി യുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപനുവേണ്ടി (ശ്രീ. പി. എ. മാധവൻ): സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## റൂളിംഗ്

### 12.06.2013-ലെ ശ്രീ. പി. സി. ജോർജിന്റെ പരമാർശം സംബന്ധിച്ച്

മി. സ്പീക്കർ: പ്രസംഗമദ്ധ്യേ ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ് നടത്തിയ ചില പരാമർശങ്ങൾ സംബന്ധിച്ച് സഭാദൃശ്യങ്ങൾ പരിശോധിച്ചതിനുശേഷം തീരുമാനം അറിയിക്കാമെന്ന് ചെയർ ഇന്നലെ അറിയിച്ചിരുന്നു. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗവും

അതിനുശേഷം ധനാഭ്യർത്ഥന ചർച്ചയുടെ അവസാനം സഭയിലുണ്ടായ പരാമർശങ്ങളുടെ ഭാഗവും ചെയർ പരിശോധിച്ചു. ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങൾ അദ്ദേഹംതന്നെ പിൻവലിക്കുകയും അതിൽ ഖേദം രേഖപ്പെടുത്തുകയും സഭാരേഖകളിൽ നിന്നും ഈ ഭാഗം നീക്കം ചെയ്യണ മെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. Certain words from a member's speech may be expunged where the member himself requests for such expunction എന്ന് പ്രാക്ടീസ് ആന്റ് പ്രൊസീഡ്യുവർ ഓഫ് പാർലമെന്റിൽ പറയുന്നുണ്ട്. (Khaul & Shakdher, Page 1051) ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. സി. ജോർജ് ഇന്നലെ നടത്തിയ വിവാദ പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. ഒരു ജീവനക്കാരനെ പിരിച്ചുവിട്ട കാര്യം പരാമർശിച്ച വേളയിൽ അദ്ദേഹം ആർക്കെങ്കിലുമെതിരെ വ്യക്തിപരമായ ആരോപണങ്ങൾ നടത്തുകയോ ആരുടെയെങ്കിലും പേര് പറയുകയോ ചെയ്തതായി അതിൽ കാണുന്നില്ല. പ്രസംഗമദ്ധ്യേ വെർബാറ്റത്തിലും കാണുന്നില്ല. ചട്ടപ്രകാരം ചെയറിന് മുൻകൂട്ടി എഴുതിത്തന്നാൽ മാത്രമേ ആരോപണം ഉന്നയിക്കാൻ കഴിയൂ. ശ്രീ. പി. സി. ജോർജ് ആരോപണം ഉന്നയിക്കുന്ന വിവരം രേഖാമൂലം ചെയറിനെ അറിയിച്ചിട്ടില്ല. അതിനാൽ പ്രസംഗമദ്ധ്യേ അദ്ദേഹം നടത്തിയ ഒരു പരാമർശം മാത്രമായിട്ട് മാത്രമേ ചെയറിന് ഇത് കണക്കാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 307 അനുസരിച്ചാണല്ലോ അങ്ങ് നീക്കം ചെയ്തത്.

മി. സ്പീക്കർ: ഇവിടെ നീക്കം ചെയ്തതല്ല. അദ്ദേഹം തന്നെ പിൻവലിച്ചതാണ്.. പതിനഞ്ച് വർഷത്തോളം ജോലി ചെയ്തിരുന്ന ഒരാളെ

സ്ത്രീയുടെ നിർദ്ദേശ പ്രകാരം മാറ്റിയെന്നല്ലാതെ മറ്റൊരു പരാമർശവുമില്ലായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, സ്ത്രീയുടെ പരാമർശത്തിന്റെ ഭാഗമായി മന്ത്രിക്ക് മാത്രമേ മാറ്റാൻ കഴിയൂ. സ്പീക്കർക്ക് മാറ്റാൻ പറ്റില്ല.

മി. സ്പീക്കർ: മന്ത്രി അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞാൻ പ്രസംഗം കണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു ആരോപണം സ്പീക്കർക്ക് എഴുതിത്തന്നാൽ മാത്രമേ ഉന്നയിക്കാൻ സാധിക്കൂ. അങ്ങനെയൊരു ആരോപണം സ്പീക്കർക്ക് എഴുതിത്തരാതെ ഉന്നയിച്ചതാണ് പ്രശ്നമെങ്കിൽ റൂൾ 307 അനുസരിച്ച് സ്പീക്കർ അങ്ങനെ നീക്കം ചെയ്താൽ അപ്രകാരം ചെയ്ത നടപടിക്രമങ്ങളുടെ ഭാഗം......

മി. സ്പീക്കർ: സ്പീക്കർ നീക്കം ചെയ്തതല്ല. അദ്ദേഹം സ്വയം അത് പിൻവലിക്കുന്നുവെന്ന് പറഞ്ഞുകഴിഞ്ഞല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഏത് ഭാഗമാണ് പിൻവലിച്ചത്; ആ പ്രസംഗമാകെ പിൻവലിച്ചിട്ടുണ്ടെങ്കിൽ അത് പറഞ്ഞാൽ മതി.